**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1489** **28-07-2021 - ൽ മറുപടിയ്ക്ക്**

**ആറ് വയസ്സുകാരി പീഡനത്തിനിരയായി കൊല്ലപ്പെട്ട സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. നജീബ് കാന്തപുരം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഇടുക്കി വണ്ടിപ്പെരിയാറിൽ ആറു വയസ്സുകാരിയെ പീഡിപ്പിച്ച ശേഷം കെട്ടിത്തൂക്കി കൊലപ്പെടുത്തിയ സംഭവത്തിലെ അന്വേഷണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ഇടുക്കി വണ്ടിപ്പെരിയാറിൽ ആറു വയസ്സുകാരിയെ പീഡിപ്പിച്ചശേഷം കെട്ടിത്തൂക്കി കൊലപ്പെടുത്തിയ സംഭവത്തിന് മണി S/o. അയ്യപ്പൻ എന്ന ആളുടെ പരാതി പ്രകാരം വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 598/2021 U/s 174 CrPC altered 449, 302, 376(2)(n)(m), 376(3) IPC & Sec 4 r/w 3 a, 6 r/w 5(i)(1)(m), 10 r/w 9(i)(1)(m) of POCSO Act 2012 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ടി കേസിലെ പ്രതിയായ അർജ്ജുൻ S/o സുന്ദർ എന്നയാളെ നിയമാനുസരണം അറസ്റ്റ് ചെയ്ത് 05.07.2021 തീയതി ബഹു. പീരുമേട് ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-II മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും തുടർന്ന് ബഹു. കോടതി റിമാന്റ് അനുവദിച്ച് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച് വരുന്നതുമാണ്. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. |
| (ബി) | ഇതിലെ പ്രതിക്ക് ഏതെങ്കിലും രാഷ്ട്രീയ സംഘടനയുമായി ബന്ധമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ കേസിലെ പ്രതിക്ക് രാഷ്ട്രീയ സംഘടനയുമായി ബന്ധമുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടില്ല. |
| (സി) | ഈ കേസ്സിലെ പ്രതിയെ സഹായിക്കുകയും തെളിവ് നശിപ്പിക്കാൻ സഹായിച്ചവരെയും കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | ഈ കേസിലെ പ്രതിയെ ആരെങ്കിലും സഹായിക്കുകയോ തെളിവ് നശിപ്പിക്കുകയോ ചെയ്തതായി നാളിതുവരെ നടത്തിയ അന്വേഷണത്തിൽ വെളിവായിട്ടില്ല |

സെക്ഷൻ ഓഫീസർ